**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4034** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുള്ള ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി നിലവിൽ വന്ന തീയതി അറിയിക്കാമോ; പ്രസ്തുത സൊസൈറ്റിയിലെ ആകെയുള്ള അംഗങ്ങളുടെ പേരുവിവരം, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഏത് പാർട്ടിയുടെ നോമിനി എന്നിവ വ്യക്തമാക്കാമോ; | (എ) | • **ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി നിലവിൽ വന്ന തീയതി-12/07/1995.**<br>• **2022-ൽ നിലവിൽ വന്ന എക്സിക്യൂട്ടീവ് / ജനറൽ ബോഡി കമ്മിറ്റി ഔദ്യോഗിക അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധം1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | നിലവിലുള്ള എച്ച്.ഡി.എസ്. കമ്മിറ്റി രൂപീകരിച്ചതിന് ശേഷം നാളിതുവരെ ഏതൊക്കെ തീയതികളിൽ എത്ര മീറ്റിംഗുകൾ നടന്നിട്ടുണ്ട് എന്നും പ്രസ്തുത മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് ആർക്കൊക്കെയാണ് അറിയിപ്പ് നൽകിയിട്ടുള്ളതെന്നും മീറ്റിംഗുകളിൽ ആരൊക്കെ പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ; | (ബി) | **എച്ച്.ഡി.എസ്. ജനറൽ ബോഡി കമ്മിറ്റി പുതുതായിരൂപീകരിച്ചതിന് ശേഷം 21/03/2022- ൽ ഒരു തവണ മീറ്റിംഗ് നടത്തിയിട്ടുണ്ട് . എല്ലാ അംഗങ്ങൾക്കും സർക്കാർ ഉത്തരവ് പ്രകാരമുള്ള ഔദ്യോഗിക അംഗങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. മീറ്റിംഗിൽ പങ്കെടുത്തവരുടെ വിശദ വിവരം ഉൾക്കൊള്ളുന്ന മിനുട്സിന്റെ പകർപ്പുകൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു .** |
| (സി) | ഇപ്രകാരം നടന്നിട്ടുള്ള ഓരോ മീറ്റിംഗുകളുടെയും മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | **എച്ച്.ഡി.എസ്. ജനറൽ ബോഡി കമ്മിറ്റി പുതുതായിരൂപീകരിച്ചതിന് ശേഷം 21/03/2022- ൽ ഒരു തവണ മീറ്റിംഗ് നടത്തിയിട്ടുണ്ട് . എല്ലാ അംഗങ്ങൾക്കും സർക്കാർ ഉത്തരവ് പ്രകാരമുള്ള ഔദ്യോഗിക അംഗങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. മീറ്റിംഗിൽ പങ്കെടുത്തവരുടെ വിശദ വിവരം ഉൾക്കൊള്ളുന്ന മിനുട്സിന്റെ പകർപ്പുകൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു .** |
| (ഡി) | നിലവിലുള്ള എച്ച്.ഡി.എസ്. മുഖേന മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഏതെങ്കിലും തസ്തികകളിലേക്ക് നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനം നടത്തിയതെന്ന് അറിയിക്കാമോ; | (ഡി) | നിലവിലുള്ള എച്ച്.ഡി.എസ്. **ജനറൽ ബോഡി കമ്മിറ്റി** മുഖേന പുതുതായി ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിൽ 2എൻഡോസ്കോപ്പി ടെക്നീഷ്യനെയും ഒരു സയന്റിഫിക് അസിസ്റ്റന്റിനെ സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിലും നിയമിക്കുവാൻ 21/03/2022 തീയതിയിലെ യോഗത്തിൽ തീരുമാനിക്കുകയും ആയത് പ്രകാരം |

| | | | |
|---|---|---|---|
| | | | അപേക്ഷ ക്ഷണിച്ച് നിശ്ചിതയോഗ്യതയും മറ്റും ഉള്ളവരിൽ നിന്നും അഭിമുഖം ( ഇന്റർവ്യൂനടത്തി നിയമനാധികാരിയായ ആശുപത്രി സൂപ്രണ്ടിന്റെ അംഗീകാരത്തോടെ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രി സുപ്രണ്ടിനെ കൂടാതെ ബന്ധപ്പെട്ട വകുപ്പ് മേധാവി,ഫാക്കൽറ്റി അംഗങ്ങൾ, എച്ച്.ഡി.എസ് ഓഫീസ് സുപ്രണ്ട് എന്നിവർ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നുണ്ട്. |
| (ഇ) | നിയമനം ലഭിച്ചവരുടെ പേരുവിവരം, തസ്തിക, വേതനം എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത നിയമനത്തിന് ഇന്റർവ്യൂ നടത്തിയതും നിയമനം അംഗീകരിച്ചതും ആരെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ഇ) | നിലവിലുള്ള എച്ച്.ഡി.എസ്. **ജനറൽ ബോഡി കമ്മിറ്റി** മുഖേന പുതുതായി ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിൽ 2എൻഡോസ്കോപ്പി ടെക്നീഷ്യനെയും ഒരു സയന്റിഫിക് അസിസ്റ്റന്റിനെ സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിലും നിയമിക്കുവാൻ 21/03/2022 തീയതിയിലെ യോഗത്തിൽ തീരുമാനിക്കുകയും ആയത് പ്രകാരം അപേക്ഷ ക്ഷണിച്ച് നിശ്ചിതയോഗ്യതയും മറ്റും ഉള്ളവരിൽ നിന്നും അഭിമുഖം ( ഇന്റർവ്യൂനടത്തി നിയമനാധികാരിയായ ആശുപത്രി സൂപ്രണ്ടിന്റെ അംഗീകാരത്തോടെ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രി സുപ്രണ്ടിനെ കൂടാതെ ബന്ധപ്പെട്ട വകുപ്പ് മേധാവി,ഫാക്കൽറ്റി അംഗങ്ങൾ, എച്ച്.ഡി.എസ് ഓഫീസ് സുപ്രണ്ട് എന്നിവർ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നുണ്ട്. |
| (എഫ്) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബൈലായുടെ പകർപ്പ് ലഭ്യമാക്കുമോ? | (എഫ്) | എച്ച്.ഡി.എസ് ബൈലായുടെ പകർപ്പ് അനുബന്ധം III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

## എക്സിക്യൂട്ടീവ് കമ്മിറ്റി / ജനറൽ ബോഡി

### ഔദ്യോഗിക അംഗങ്ങൾ

1. ശ്രീ. ജെറോമിക് ജോർജ്ജ്
   ജില്ലാ കളക്ടർ, തിരുവനന്തപുരം - ചെയർമാൻ
2. ഡോ: നിസാറുദ്ദീൻ. എ
   സൂപ്രണ്ട്, മെ: കോ: ആശുപത്രി - സെക്രട്ടറി & കൺവീനർ
   തിരുവനന്തപുരം
3. ഡോ: കലാ കേശവൻ
   പ്രിൻസിപ്പൽ, ഗവ: മെ: കോളേജ് - വൈസ് ചെയർപേഴ്സൺ
   തിരുവനന്തപുരം
4. ഡെ. സെക്രട്ടറി
   ഗവ: മെ: കോ: ആശുപത്രി - ട്രഷറർ.
5. ഡോ: സുനിൽ കുമാർ
   ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)
   മെ: കോ: ആശുപത്രി - മെമ്പർ.
6. ശ്രീ/ശ്രീമതി. ........
   ഡി. എം. ഒ യുടെ പ്രതിനിധി - മെമ്പർ
7. ശ്രീമതി. സവിത
   നഴ്സിംഗ് ഓഫീസർ
   മെ: കോ: ആശുപത്രി = മെമ്പർ
8. ശ്രീ/ശ്രീമതി. ......
   എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ വിംഗ്) - മെമ്പർ

### അനൗദ്യോഗിക അംഗങ്ങൾ

1) ശ്രീ. ശശി തരൂർ. എം. പി. - മെമ്പർ

Contd.....2.

2) ശ്രീ. . . . . . . .
(കേന്ദ്ര നിയമസഭ സമിതിയുടെ പ്രതിനിധി) — മെമ്പർ

3) ശ്രീ. കടകംപള്ളി സുരേന്ദ്രൻ
എം.എൽ.എ. (കഴക്കൂട്ടം) — മെമ്പർ

4) ശ്രീ. എസ്. എസ്. മനോജ്
ബഹു: ആരോഗ്യവും വനിത-ശിശു — മെമ്പർ
വികസനവും വകുപ്പ് മന്ത്രിയുടെ പ്രതിനിധി

5) ശ്രീ. എസ്. അനിൽകുമാർ
ബഹു: പൊതു വിദ്യാഭ്യാസ തൊഴിൽ
വകുപ്പ് മന്ത്രിയുടെ പ്രതിനിധി — മെമ്പർ

6) ശ്രീ. ബി. എസ്. നായിഡു.
ബഹു: ഭക്ഷ്യ പൊതുവിതരണ വകുപ്പ് — മെമ്പർ.
മന്ത്രിയുടെ പ്രതിനിധി

7) ശ്രീ. തോമസ് ഫെർണാണ്ടസ്
ബഹു: ഗതാഗത വകുപ്പ് മന്ത്രിയുടെ — മെമ്പർ.
പ്രതിനിധി

8) ശ്രീമതി. ആര്യ രാജേന്ദ്രൻ
മേയർ, തിരുവനന്തപുരം കോർപ്പറേഷൻ — മെമ്പർ.

Contd..... 3.

## HDS GENERAL BODY COMMITTEE MEMBERS

| SL. NO | PARTY | NAME | ADDRESS | PHONE NO. |
|---|---|---|---|---|
| 1 | MLA | Sri.Kadakampally Surendran | | |
| 2 | Councillor | Sri.D.R.Anil | | |
| 3 | Kerala Congress (M) | Sri.Sahaya Das Nadar | Blessed Home, Kattakode P.O, Tvm | 9656361721 |
| 4 | Nationalist Congress Party | Sri.Anchal Job | DF-02, Quarters, Behind Principal Office, Medical College, P.O, Tvm | 9447558712 |
| 5 | Kerala Congress (Jacob) | Sri.Karumam Sundaresan | T.C.56/1451, Vasundaram (Anu Bhavan), Karumam P.O, Tvm | 9446192567 |
| 6 | Indian National League (INL) | Sri.S.Rahim | Kottara House, Chathambadu, Konchira P.O, Vembayam, Tvm | 9847235224 |
| 7 | Indian Union Muslim League | Sri.Channankara M.P.Kunju | Shamanalaya, Channankara P.O, Tvm | 9447402947 |
| 8 | Loktantrik Janata Dal (LJD) | Sri.N.M.Nair | Visakh, Mannapuram, Machel P.O, Malayinkeezhu, Tvm | 9388656505<br>7907637245 |
| 9 | Bharathiya Janatha Party | Sri.Pongamoodu Vikraman | Sakthinilayam, Priyadersini Junction, Prasanth Nagar, Medical College P.O, Tvm | 9895628842 |
| 10 | Communist Party of India (Marxist) | Sri.Vineeth | Virakukadayil Veedu, Pottakuzhi, Pattom P.O, Tvm | 8606064333 |
| 11 | Communist Party of India | Sri.T.S.Binu Kumar | A 13, Police Quarters, Near Chandrasekharan Nair Stadium, Palayam, Tvm | 9447027507 |
| 12 | Janatha Dal (S) | K.S.Babu | Naz Cottage, LMS, Main Road, Attingal, Tvm | 9562576081 |

| | | | | |
|---|---|---|---|---|
| 13 | Indian National Congress | Sri.Cheruvaickal Padmakumar | Krishnanjali, Archana Nagar, Pongumoodu, Medical College P.O, Tvm | 9846057313 |
| 14 | Nominee of Hon'ble Minister Sri.V.Sivankutty | Sri.S.Anilkumar | Konathu Veedu, Ulloor, Medical College P.O, Tvm | 9995897709 |
| 15 | Nominee of Hon'ble Health Minister Smt.Veena George | S.S.Manoj | Koodu, VRA (20 B), Puthupally Lane, Medical College P.O, Tvm | |
| 16 | Revolutionary Socialist Party | Sri.Eravoor Prasannakumar | T.C.49/102(6), Shamyas, Kamaleswaram, Manacaud P.O, Tvm | 9446345522 |
| 17 | Nominee of Sri.Sasi Tharoor, MP | Sri.Ulloor Murali | Devaragam, Ulloor, Medical College P.O, Tvm | 9447779404 |
| 18 | Nominee of Hon'ble Minister Transport | Sri.Thomas Fernandaz | Tough, T.C.89/1238, Beach P.O, Tvm | 9447388845 |
| 19 | Democratic Kerala Congress | Sri.Karakkamandapam Ravi | Lekshmi Nivas, Kaimanam, Pappanamcode P.O, Tvm | 9746110369 |
| 20 | Nominee of Hon'ble Minister Civil Supplies | Sri.P.S.Naidu | T.C.4/960(3), Manimangalam, Kowdiar, Tvm | 9447205019 |
| 21 | Congress (S) | Sri.Palayam Rajan | T.C.14/1696, Palavila Veedu, FLRA(W) C-16, Thycaud, Tvm | 9188643823 |
| 22 | Kerala Congress | Adv.Kottarakkara Ponnachan | Nethaji Nagar, H.N.9, Kizhakkathil Kizhakkekara, Kottarakkara P.O, Kollam | 9446748315 |
| 23 | Kerala Congress (B) | Sri.Achankovil Ajith | No.10, Metro Gardens, Melarannoor, Karamana P.O, Tvm | 9496194949 |
| 24 | Janadhipatya Kerala Congress Secular | Sri.K.Prakash Kumar | Geetham, VRA -65, Vivekananda Lane, Vattiyoorkavu P.O, Tvm | 9447101893 |

21.03.2022 -ാം തീയതി തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ കൂടിയ ആശുപത്രി വികസന സൊസൈറ്റി ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരവും മിനിട്സും.

പങ്കെടുത്തവർ

ഔദ്യോഗിക അംഗങ്ങൾ

1) ശ്രീ.കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.
2) ഡോ. നവ്ജ്യോത് ഖോസ, ജില്ലാ കളക്ടർ
3) ഡോ.സാറാ വർഗീസ്, പ്രിൻസിപ്പാൾ
4) ഡോ.നിസാറുദ്ദീൻ, സൂപ്രണ്ട് & സെക്രട്ടറി
5) ഡോ.ജോബി ജോൺ, ഡെപ്യൂട്ടി സൂപ്രണ്ട്
6) ഡോ.രമേഷ് രാജൻ, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി
7) ഡോ.ഡി.കൃഷ്ണദാസ്, മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി
8) ശ്രീ.പ്രണീത് സുദൻ, ലെ സെക്രട്ടറി & ട്രഷറർ
9) ശ്രീമതി.റോസാ ബായ്.റ്റി.എം., നഴ്സിംഗ് സുപ്രണ്ട്
10) ശ്രീമതി അനിതകുമാരി, നഴ്സിംഗ് സൂപ്രണ്ട്

വികസന സമിതി അംഗങ്ങൾ

11) ശ്രീ.ഡി.ആർ. അനിൽ
12) ശ്രീ.ഉള്ളൂർ മുരളി
13) ശ്രീ. കരുമം സുന്ദരേശൻ
14) ശ്രീ. ചാന്നങ്കര എം.പി.കുഞ്ഞ്
15) ശ്രീ.കെ.എസ്.ബാബു
16) ശ്രീ.ബഷറുള്ള.എം
17) ശ്രീ.എൻ.എം.നായർ
18) ശ്രീ.സഹായദാസ് നാടാർ
19) ശ്രീ.മനോജ്.എസ്.എസ്.
20) ശ്രീ.പി.എസ്.നായിഡു
21) ശ്രീ.റ്റി.എസ്. ബിനുകുമാർ
22) ശ്രീ.കെ.പ്രകാശ് കുമാർ
23) ശ്രീ.തോമസ് ഫെർണാണ്ടസ്
24) ശ്രീ.അഞ്ചൽ ജോബ്
25) [illegible]

26) ശ്രീ.കാരയ്ക്കാമണ്ഡപം രവി

27) ശ്രീ.ചെറുവയ്ക്കൽ പത്മകുമാർ

28) ശ്രീ.എസ്.അനിൽകുമാർ

29) ശ്രീ.പോങ്ങുമൂട് വിക്രമൻ

30) ശ്രീ.വി.വിനീത്

**തീരുമാനങ്ങൾ**

1) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആശുപത്രി വികസന സമിതി മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന വിവിധ തരം മെഷീനുകളുടെ സി.എ.എം.സി/എ.എം.സി. 2021-2022 വർഷങ്ങളിലേയ്ക്കു കുടി പുതുക്കുവാനും ആയതിന് അവശ്യമായ തുക അതാത് അക്കൗണ്ടുകളിൽ നിന്നും ചെലവാക്കുവാനും കമ്മിറ്റി അംഗീകാരം നൽകി.

11 വർഷം കാലാവധി പൂർത്തിയാക്കിയ സിമെൻസ് കമ്പനിയുടെ എം.ആർ.ഐ. മെഷീൻ സി.എ.എം.സി. 2021 സെപ്റ്റംബർ 30 ന് അവസാനിച്ചു. ഈ സാഹചര്യത്തിൽ എം.ആർ.ഐ. സ്കാൻ ചെയ്യുന്നതിന് രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി സൂപ്രണ്ട് യോഗത്തെ ധരിപ്പിച്ചു. ഈ വിഷയത്തെ കുറിച്ച് വന്ന മാധ്യമ റിപ്പോർട്ടുകൾ അംഗങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. ഹിന്ദുസ്ഥാൻ ലൈഫ് കെയറിന്റെ അവിട്ടം തിരുനാൾ ആശുപത്രിയിൽ പ്രവർത്തിക്കുന്ന എം.ആർ.ഐ. മെഷീനിൽ നിന്നും മെഡിക്കൽ കോളേജിലെ രോഗികൾക്ക് പരിശോധന നടത്താൻ ധാരണാപത്രവും സർക്കാർ ഉത്തരവുകളും അനുസരിച്ച് ചെയ്യുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ടെന്നും സൂപ്രണ്ട് യോഗത്തെ അറിയിച്ചു. എന്നാൽ ഇത് രോഗികളുടെ ആവശ്യം പൂർണ്ണമായി നിറവേറ്റുന്നതിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ഒരു വർഷത്തേയ്ക്കു കൂടി സി.എ.എം.സി. നീട്ടി നൽകുന്നതിന് നടപടി സ്വീകരിയ്ക്കാൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി. കഴിഞ്ഞ വർഷം സി.എ.എം.സിയ്ക്കായി 24 ലക്ഷം രൂപയും 18% ടാക്സും ഉൾപ്പെടെ 28,32,000/-ചിലവഴിച്ചിരുന്നു. സാധാരണ ഗതിയിൽ 10 വർഷത്തേയ്ക്കാണ് ഇത്തരം യന്ത്രങ്ങൾക്ക് മെയിന്റനൻസ് കോൺട്രാക്ടിന് കമ്പനികൾക്ക് ബാധ്യത. കഴിഞ്ഞ വർഷം കൊറോണ സാഹചര്യം പരിഗണിച്ച് ഒരു വർഷത്തേയ്ക്ക് കൂടി സി.എ.എം.സി നീട്ടി തരുന്നതിന് കമ്പനി തയ്യാറായി. കാലഹരണപ്പെട്ട യന്ത്രങ്ങളുടെ സ്പെയർ പാർട്ടുകൾ ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ടുകൾ കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്. ഒരു വർഷത്തേയ്ക്കു കുടി ഈ സേവനം നീട്ടി നൽകുന്നതിന്റെ സാധ്യതകളെക്കുറിച്ച് കമ്പനിയ...

13

വിനിമയം നടത്തിയതായും ഇക്ക[illegible] ഒരു നിരക്ക് വർദ്ധന അവർ ആവശ്യപ്പെട്ടതായും സുപ്രണ്ട് വ്യക്തമാക്കി. ഇപ്പോൾ കമ്പനി സമർപ്പിച്ചിരിക്കുന്നത് 35 ലക്ഷം രൂപയും 13% ടാക്സും ഉൾപ്പെടെ 41,30,000/- ആണെന്നും ആയത് നെഗോഷ്യേറ്റ് ചെയ്യാനുള്ള സാധ്യത പരിശോധിയ്ക്കാനും കമ്മിറ്റി നിർദ്ദേശം നൽകി. ഒരു വിഭാഗം സാങ്കേതിക സമിതിയുടെയും, പ്രിൻസിപ്പാൾ, സൂപ്രണ്ട്, വകുപ്പ് മേധാവി എന്നിവരടങ്ങുന്ന കമ്മിറ്റിയുടെയും അഭിപ്രായം തേടേണ്ടതും ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ ഉപകരണം റിപ്പയർ ചെയ്തെടുക്കുന്നത് സാമ്പത്തികമായി നീതികരിയ്ക്കാവുന്നതാണോ എന്നും മേൽ കമ്മിറ്റികൾ പരിശോധിയ്ക്കേണ്ടതാണ്. ഇക്കാര്യത്തിൽ സാങ്കേതികവും സാമ്പത്തികവുമായ വിവിധ വശങ്ങൾ വിശദമായി പരിശോധിയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാനും കമ്മിറ്റി നിർദ്ദേശം നൽകി. മെഷീൻ അപ്ഗ്രേഡ് ചെയ്യുന്ന പ്രക്രിയ സർക്കാർ തലത്തിൽ തുടരുന്നുണ്ടെങ്കിൽ അതിന് സ്വാഭാവികമായുണ്ടാകുന്ന കാല താമസത്തിനിടയ്ക്ക് താൽക്കാലിക അറ്റകുറ്റ പണി നടത്തി (സി.എ.എം.സി. കരാർ ഏർപ്പാടാക്കാൻ) രോഗികൾക്ക് പ്രയോജന പ്പെടുത്താൻ അടിയന്തിര നടപടി കൈകൊള്ളാനും യോഗം അനുമതി നൽകി.

## വികസന സമിതി പരിപാലിക്കുന്ന പ്രധാന ഉപകരണങ്ങളും അവയുടെ വാർഷിക അറ്റകുറ്റപണികൾക്ക് വേണ്ട തുകയും

| | |
|---|---|
| 1) വീഡിയോ കൊളോണോസ്കോപ്പി | 18 ലക്ഷം |
| 2) വീഡിയോ എൻഡോസ്കോപ്പി | 10,21,644/- |
| 3) എം.ആർ.ഐ. മെഷീൻ | 41,30,000/- |
| 4) എക്സ്റേ മെഷീൻ ഡിപ്പാർട്ടുമെന്റ് | 8,93,397/- |
| എസ്.എസ്.ബി. | 8,93,397/- |
| കാഷ്വാലിറ്റി | 7,71,750/- |
| 5) സി.ടി.മെഷീൻ (സിമെൻസ്) | 22,63,270/- |
| 6) ഹാർട്ട് ലംഗ് മെഷീൻ - മെഡിബ്രൈറ്റ് | 2,06,500/- |
| ലിവമോർ | 2,16,825/- |
| 7) ഇ.എസ്.ഡബ്ളിയു.എൽ. മെഷീൻ | 10,15,574/- |
| 8) കാത്ത് ലാബ് മെഷീൻ | 24,80,158/- |

2) ആശുപത്രി വികസന സമിതി നടത്തുന്ന പ്രധാന സേവനമേഖലകളായ

തോതിൽ വർദ്ധിച്ചിരിക്കുന്നതിനാൽ ഇവയുടെ നടത്തിപ്പ് പ്രയാസകരമാകുന്നു. ഈ സാഹചര്യത്തിൽ ഒരു നിരക്ക് വർദ്ധന അനിവാര്യമായിരിക്കുന്നു. ഇതിനെ സംബന്ധിച്ച് വിശദമായ ചർച്ച നടന്നു. എച്ച്.ഡി.എസ്. ഈടാക്കി വരുന്ന ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കമ്മിറ്റി നിർദ്ദേശിച്ചു. ഇതു കൂടാതെ ഒ.പി. വിഭാഗത്തിൽ ഒ.പി.ടിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് അനുബന്ധ ചെലവുകൾക്ക് തുക കണ്ടെത്തുന്നതിനും ടി ജോലിയുമായി ബന്ധപ്പെട്ട കംപ്യൂട്ടറുകൾ, പ്രിന്ററുകൾ മുതലായവ റിപ്പയർ ചെയ്യുക, പൊതുജനങ്ങൾക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമതയോടും കൂടി ഒ.പി. ടിക്കറ്റ് നൽകുക എന്നിവയ്ക്ക് സഹായകരമാകുന്നതിനായി മറ്റ് സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള മാതൃകയിൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവരിൽ നിന്നും ഒ.പി. ടിക്കറ്റ് ഒരു പ്രിന്റിന് 5/- രൂപ ഫീസ് ഈടാക്കുന്നതിനും കമ്മിറ്റി അംഗീകാരം നൽകി. ഇക്കാര്യത്തിൽ പുതിയ ഒ.പി. ടിക്കറ്റ് നൽകുമ്പോൾ മാത്രം ഫീസ് ഈടാക്കുവാനും പഴയ ഒ.പി. ടിക്കറ്റ് പ്രിന്റിൻമേൽ ടോക്കൺ മാത്രം എടുക്കുമ്പോൾ ഫീസ് ഒഴിവാക്കാവുന്നതുമാണ്.

3) എച്ച്.ഡി.എസ്. ലാബ്, എച്ച്.ഡി.എസ്. പേയിംഗ് കൗണ്ടർ എന്നീ വിഭാഗങ്ങളുടെ പ്രവർത്തന മേൽനോട്ടത്തിനും സാങ്കേതിക ഉപദേശം നൽകുന്നതിനുമായി ബന്ധപ്പെട്ട വിഭാഗങ്ങളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിചെയ്യുന്ന അസി.പ്രൊഫസറിൽ കുറയാത്ത ഒരു ഓഫീസറുടെ സേവനം അനുവദിക്കുവാൻ ഡി.എം.ഇ., മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ എന്നിവരോട് ശുപാർശ ചെയ്യുവാൻ കമ്മിറ്റി തീരുമാനിച്ചു. കൂടാതെ പർച്ചേസ് സംബന്ധമായ നയപരമായ കാര്യങ്ങൾ എച്ച്.ഡി.എസ്. സബ്കമ്മിറ്റി കൂടി പരിശോധിച്ച് നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

4) പേയിംഗ് കൗണ്ടറിൽ നിന്നും വിവിധ സർക്കാർ പദ്ധതികൾക്കും കോവിഡ് രോഗികൾക്കും ആവശ്യമായി വന്ന മരുന്നും ചികിത്സാ സാമഗ്രികളും നൽകിയ വകയിൽ കിട്ടാനുള്ള തുക നേടിയെടുക്കുന്നതിനായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ ശുപാർശ നൽകുവാനും ആയത് അധികാരികളെ വേണ്ട വിധം ബോധ്യപ്പെടുത്തി തുക തിരിച്ച് വാങ്ങുവാനും തീരുമാനിച്ചു.

5) പേയിംഗ് കൗണ്ടറിൽ മരുന്നുകളും സാമഗ്രികളും വാങ്ങുന്നതിന് നിലവിലുള്ള രീതി പിന്തുടരുന്നതോടൊപ്പം കമ്പനികളിൽ നിന്നും നേരിട്ട് ലഭ്യമല്ലാത്ത മരുന്നുകളും സാധനസാമഗ്രികളും ആവശ്യത്തിനനുസരിച്ച് വകുപ്പ് മേധാവികളുടെ ആവശ്യപ്രകാരം മരുന്നു ലിസ്റ്റ്

തയ്യാറാക്കുകയും അവ വേണ്ടി വരുന്ന സാഹചര്യങ്ങളിൽ റേറ്റ് കോൺട്രാക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കമ്പനികൾ/വിതരണക്കാർ എന്നിവരിൽ നിന്ന് വാങ്ങുകയും അവ അടുത്ത് കമ്മിറ്റിയിൽ അവതരിപ്പിയ്ക്കേണ്ടതുമാണ്. ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്. നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങുവാനും ആയതിന്റെ വിവരങ്ങൾ അടുത്ത് വരുന്ന എച്ച്.ഡി.എസ്. കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്നും തീരുമാനിച്ചു.

6) പൾമണറി മെഡിസിൻ വിഭാഗത്തിൽ പുതുതായി ആരംഭിച്ച ടെസ്റ്റുകൾക്കും ചികിത്സകൾക്കും എച്ച്.ഡി.എസ്. മുഖാന്തിരം ഫീസ് ഈടാക്കുന്നതിനും വകുപ്പ് മേധാവി ശുപാർശ അംഗീകരിക്കുവാനും ആയത് നടപ്പിലാക്കുവാനും തീരുമാനിച്ചു. (വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.)

7) സെക്യൂരിറ്റി ഗാർഡുമാരെ നിയമിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ഏജൻസിയുടെ കരാർ ഒഴിവാക്കാവാനും അംഗീകാരമുള്ള തത്തുല്യമായ മറ്റ് സ്ഥാപനങ്ങൾ, കുടുംബശ്രീ മുതലായവരിൽ നിന്നും കരാർ നൽകി നിയമിക്കുവാനും തത്വത്തിൽ അംഗീകാരം നൽകി. ഇതു സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലിനിൽക്കുന്നതിനാൽ നിയമോപദേശം കുടി വാങ്ങി നടപടിയെടുക്കുവാനും നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ വിമുക്ത ഭടന്മാരുടെ ഏജൻസി നല്കിയ പെറ്റീഷൻ 2020ൽ ബഹു.കേരള ഹൈക്കോടതി നിരാകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവും ഇറക്കിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ ഒരു വിഭാഗം വിമുക്തഭടന്മാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് ടി ഏജൻസിയെ എതിർകക്ഷിയാക്കി രിക്കുകയാണ്. ഇത് കോടതിയിൽ തെറ്റിദ്ധാരണ വരുത്തുന്നതിനും പുതിയ ഉത്തരവ് നേടി നിലവിലെ വിധി മറികടക്കാനുമാണ്. ടി ഏജൻസി വഴി സെക്യൂരിറ്റി നിയമനം ആശുപത്രി വികസന സമിതിയുടെയുടെ സാമ്പത്തിക ബാധ്യത കുട്ടുമെന്നുള്ളത് സർക്കാർ ഉത്തരവിൻ സുചിപ്പിച്ചിട്ടുള്ളതുമാണ്. ഈ കേസിൽ വികസന സമിതി കക്ഷി ചേർന്നിട്ടുണ്ട്. (2020 ലെ ഹൈക്കോടതി വിധി, സർക്കാർ ഉത്തരവ് എന്നിവ അനുബന്ധം 2 ആയി ചേർക്കുന്നു)

8) പാർക്കിംഗ് കരാർ ഏറ്റെടുത്തിട്ടുള്ള വ്യക്തിയുടെ അപേക്ഷയിന്മേൽ കരാർ കാലാവധി തീരുന്നതിനു മുമ്പ് ആവശ്യമായ നടപടി സ്വീകരിക്കുവാനും ആയതിന് ഒരു നിയമോപദേശം വാങ്ങി

നല്കിയിരുന്ന സ്ഥലങ്ങൾ മാസ്റ്റർ പ്ളാൻ പദ്ധതിയുടെ ഭാഗമായി പണികൾ തുടങ്ങിയതിനാൽ അദ്ദേഹത്തിന് പാർക്കിംഗ് സ്ഥല വിസ്തൃതി കുറഞ്ഞതായുള്ള പരാതി കോടതിയിൽ നിലനിൽക്കുന്നു.

9) എച്ച്.ഡി.എസ്. ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ അനുകൂല നിലപാട് സ്വീകരിക്കാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഒരു വിദഗ്ധ നിയമോപദേശം തേടുവാനും ആയതിന്റെ അടിസ്ഥാനത്തിൽ വിഷയം പഠിച്ച് ഒരു സബ് കമ്മിറ്റി റിപ്പോർട്ട് നമർപ്പിക്കുവാനും നിർദ്ദേശിച്ചു.

10)മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റെ എൻടോസ്കോപ്പി തുടങ്ങിയ പരിശോധന വിഭാഗങ്ങളുടെ പ്രവർത്തനം പൂർണ്ണമായും എച്ച്.ഡി.എസ് നിയന്ത്രണത്തിലാക്കുകയും ആയതിൽ നിന്നുള്ള വരുമാനം കെ.എച്ച്.ആർ.ഡബ്ളിയു.എസ് മായി പങ്കുവയ്ക്കുന്നത് ഒഴിവാക്കുന്നതിനും ഇത് സംബന്ധിച്ച് വകുപ്പ് മേധാവി സമർപ്പിച്ച നിർദ്ദേശം അംഗീകരിക്കുകയും ആയതുമായി ബന്ധപ്പെട്ട് 2 (രണ്ട്) എൻഡോസ്കോപ്പി ടെക്നീഷ്യൻ, 1 (ഒന്ന്) അറ്റൻഡർ എന്നീ തസ്തികകൾ സൃഷ്ടിക്കുവാനും ആയതിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ യോഗ്യത നിർണ്ണയിച്ച് നിയമനം നടത്തുവാനും നിശ്ചയിച്ചു. ഇപ്പോൾ 3 എൻടോസ്കോപ്പി ടെക്നീഷ്യന്മാർ കെ.എച്ച്.ആർ.ഡബ്ളിയു.എസിൽ നിന്ന് പോസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ ഒരു എൻടോസ്കോപ്പി ടെക്നീഷ്യനെ കൂടി ആവശ്യമെങ്കിൽ നിയമിക്കണമെന്ന് വകുപ്പ് മേധാവി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ സാഹചര്യം പരിശോധിച്ച് തീരുമാനിക്കാമെന്ന് യോഗത്തിൽ തീരുമാനമായി.

11) (എ) ശ്രീമതി.നിഷ ഈപ്പൻ, ഫാർമസിസ്റ്റ് പേയിംഗ് കൗണ്ടറിൽ ഇൻ-ചാർജ് ചുമതല വഹിക്കുവാൻ തയ്യാറാകുന്ന പക്ഷം ടിയാളിൽ നിന്നും കുറവ് ചെയ്ത വേതനം പുനഃസ്ഥാപിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(ബി) ശ്രീ.ജസ്റ്റിൻ, ജി.ഡി.അസിസ്റ്റന്റ് ന്റെ ജോലി സംബന്ധമായ വീഴ്ചയിൽ ശിക്ഷാ നടപടിയെന്ന നിലയിൽ വെട്ടിക്കുറച്ച് വേതനം (10%) മേലിൽ തെറ്റ് ആവർത്തിക്കികയില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പുനഃ സ്ഥാപിക്കുവാനും പ്രസ്തുത നിബന്ധനയിൽ വീഴ്ച വരുത്തുന്ന പക്ഷം കർശനമായ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു.

12) 60 വയസ്സ് വരെ എച്ച്.ഡി.എസ്. ൽ ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് മുമ്പ് അനുവാദം നൽകിയിരുന്നു. എന്നാൽ സർക്കാർ

ഇക്കാര്യം പുന:പരിശോധിക്കുകയും 65 വയസ്സുവരെ ജോലി ചെയ്യുന്നതിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ 60 വയസ്സ് കഴിഞ്ഞ് ജോലി ചെയ്യുന്നവർക്ക് അവരുടെ ഡ്യൂട്ടിയിൽ നിന്നും ഒഴിഞ്ഞു മാറുവാനോ പ്രായാധിക്യത്തിന്റെ പേരിൽ ഡ്യൂട്ടി ഇളവ് അനുവദിക്കുവാനോ ഉണ്ടാവില്ലാത്ത സാഹചര്യത്തിൽ അതാത് തസ്തികയുമായി ബന്ധപ്പെട്ട എല്ലാ ജോലികളും മുടക്കം കൂടാതെ ചെയ്യുന്നവർക്ക് മാത്രം 65 വയസ്സുവരെ ജോലി ചെയ്യിക്കുന്നതിൽ അപാകതയില്ലെന്നും, എന്നാൽ പ്രായത്തിന്റെ പേരിൽ ജോലിക്ക് വിസമ്മതിക്കുന്നവരെ അടിയന്തിരമായി ജോലിയിൽ നിന്നും ഒഴിവാക്കി പകരം യഥാക്രമം ആളെ നിയമിക്കുവാനും കമ്മിറ്റി തീരുമാനിച്ചു. ഇക്കാര്യം അന്തിമമായി നടപ്പിലാക്കുന്നതിനായി എസ്റ്റാബ്ളിഷ്മെന്റ് സബ് കമ്മിറ്റി വിശദമായി പഠിച്ച് തീരുമാനമെടുക്കുവാനും നിർദ്ദേശിച്ചു.

13) കോടതി കേസുകൾ, വിവരാവകാശ നിയമപ്രകാരമുള്ള ഫയലുകൾ, സമാനമായ മറ്റ് ഫയലുകൾ മുതലായവ കൈകാര്യം ചെയ്യുവാൻ എച്ച്.ഡി.എസ്. ജീവനക്കാരിൽ ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയുള്ള ഒരാൾക്ക് ട്രെയിനിംഗ് നൽകി ചുമതലയേൽപ്പിക്കുവാൻ തീരുമാനിച്ചു. കൂടാതെ എച്ച്.ഡി.എസ്. ന്റെ മുഴുവൻ വരവ് ചെലവ് കണക്കുകളും, ബഡ്ജറ്റ് തയ്യാറാക്കൽ തുടങ്ങിയ ജോലികളും കൃത്യമായി ചെയ്തു തീർക്കുന്നതിനായി ഒരു അക്കൗണ്ടന്റിന്റെ തസ്തിക സൃഷ്ടിക്കുവാനും ആയതിലേയ്ക്ക് യോഗ്യനായ ഒരാളെ നടപടി ക്രമങ്ങൾ പാലിച്ച് നിയമിക്കുവാനും തീരുമാനിച്ചു.

14) നിലവിൽ എച്ച്.ഡി.എസ്. സ്ഥാപനമായ പേയിംഗ് കൗണ്ടറിൽ ഒരു ചാർട്ടേഡ് അക്കൗണ്ടിന്റെ സേവനം ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ അവർ തയ്യാറാണെങ്കിൽ എച്ച്.ഡി.എസ്. ന്റെ ഓരോ വർഷത്തെയും കണക്കുകൾ വിശദമായി ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്താമെന്നും ആയതിന് കഴിയില്ല എങ്കിൽ താല്പര്യപത്രം ക്ഷണിച്ച് യോഗ്യരായ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ കണ്ടെത്തി നിയമിക്കുവാനും നിർദ്ദേശം നൽകി.

15) ആശുപത്രി കെട്ടിടങ്ങളിലും സമീപത്തുമുള്ള എല്ലാ ക്യാന്റീനുകളുടെയും പ്രവർത്തനം എച്.ഡി.എസ് നിയന്ത്രണത്തിലാക്കുവാനും ആയത് ടെൻഡർ നടപടി ക്രമങ്ങളിലൂടെ കരാറുകാരനെ കണ്ടെത്തി പ്രവർത്തിപ്പിക്കുവാനും അംഗീകാരം നൽകി. നിലവിൽ 2-ാം വാർഡിനോട് ചേർന്നും മോർച്ചറിക്ക് സമീപത്തും കഫറ്റേരിയ നടത്തുന്നതിന് കരാർ നേടിയിട്ടുള്ള ശ്രീ.സജീവ് (എസ്.എസ്. ക കരാറുകാരൻ) ...

മാസത്തേക്കു കുടി ഫീസ് പുതുക്കി നിശ്ചയിച്ച് തുടർന്ന് പ്രവർത്തിക്കുവാൻ അനുവദിക്കാവുന്നതാണെന്നും കമ്മിറ്റി തീരുമാനിച്ചു. നിലവിലെ എസ്.എസ്.ബി. ക്വാന്റീൻ പ്രിൻസിപ്പാൾ ഓഫീസിൽ നിന്നുമാണ് ടെണ്ടർ നല്കിയിട്ടുണ്ട്. ടി ക്യാന്റീൻ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ആശുപത്രി പരിസരത്ത് പ്രവർത്തിയ്ക്കുന്നവ വികസന സമിതികൾ മുഖാന്തിരം മാത്രമെ നടത്താവൂ എന്ന് നിഷ്കർഷിക്കുന്നു. ഇക്കാര്യം പ്രിൻസിപ്പൽ ഓഫീസിൽ നടന്ന കാന്റീൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ അടുത്ത ടെണ്ടർ ചെയ്യാൻ കഴിയുമെങ്കിൽ അത്തരത്തിൽ ചെയ്യുണമെന്ന് നിർദ്ദേശം അംഗീകരിച്ചു. (സർക്കാർ ഉത്തരവുകൾ അനുബന്ധം 3 ചേർക്കുന്നു)

16) കാർഡിയോളജി വിഭാഗത്തിൽ എച്ച്.ഡി.എസ്. നിയന്ത്രണത്തിലുള്ള കാത്ത് ലാബ് 2 ന്റെ പ്രവർത്തനത്തിനായി മുറികൾ അനുവദിയ്ക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് കത്ത് നൽകുവാനും കെ.എച്ച്.ആർ.ഡബ്ളിയു.എസ്. എം.ഡി.യുമായി ഇക്കാര്യം ചർച്ച ചെയ്ത് തീർപ്പുണ്ടാക്കുവാനും യോഗം സൂപ്രണ്ടിനെ ചുമതലപ്പെടുത്തി.

17) എച്ച്.ഡി.എസ് ന്റെ വികസന പദ്ധതികൾക്കനുസൃതമായി സാമ്പത്തിക സഹകരണം സംഭാവനകൾ എന്നിവ അനുവദിക്കുന്നതിൽ നിലവിലുള്ള ബാങ്കിംഗ് പാർട്ണറായ എസ്.ബി.ഐ. തീർത്തും നിരാശജനകമായ രരീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് യോഗം വിലയിരുത്തി. സർക്കാർ ഉത്തരവ് പ്രകാരം അനുയോജ്യമായ മറ്റ് ദേശാസാർകൃത ബാങ്കുകളിൽ നിന്നും താല്പര്യ പത്രം വാങ്ങി അക്കൗണ്ട് മാറ്റുന്നത് സംബന്ധിച്ച് കുടുതൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സബ് കമ്മിറ്റി മുഖാന്തിരം സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

18) എച്ച്.ഡി.എസ്. ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ലാബിൽ ബയോമെട്രിക് പഞ്ചിങ് മെഷീൻ സ്ഥാപിക്കുവാനും ജീവനക്കാരുടെ ഹാജർ വിവരങ്ങൾ ടി സംവിധാനം വഴി രേഖപ്പെടുത്തി തുടർ നടപടി സ്വീകരിക്കുവാനും അംഗീകാരം നൽകി. ഇതോടൊപ്പം മെഡിക്കൽ കോളേജ് ലൈബ്രറിയിൽ നിന്നും എച്ച്.ഡി.എസ് ജീനവക്കാർക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കുന്നതിന് ഈടാക്കി വരുന്ന ഫീസ് ഒരു തവണയാക്കി ക്രമീകരിക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ കാർഡ് പുതുക്കുന്നതിന് യഥാർത്ഥത്തിൽ ചെലവ് വരുന്ന തുക ഈടാക്കിയാൻ മതിയെന്ന് ശുപാർശ ചെയ്യുവാനും തീരുമാനിച്ചു. ഒറ്റത്തവണ നിക്ഷേപത്തുക സർവ്വീസ് അവസാനിപ്പിച്ച് തിരികെ പോകുമ്പോൾ ഐഡന്റിറ്റി കാർഡ് തിരികെ നൽകി

19) നിലവിലുള്ള എച്ച്.ഡി.എസ്. ബൈലോയിൽ ഇൻകംടാക്സ് ആക്ട്, ജി.എസ്.ടി റിട്ടേൺ ഫയലിംഗ് സംബന്ധമായ നിയമങ്ങൾ എന്നിവയ്ക്കനുസൃതമായ ചട്ടങ്ങൾ/നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ബൈലാ ഭേദഗതി വരുത്തുന്നതിനും ആയത് സംബന്ധിച്ച് ബഹു. ജില്ലാ കളക്ടർ അംഗീകരിച്ച് കരട് ഭേദഗതി നിർദ്ദേശങ്ങൾ (ചുവടെ ചേർക്കുന്നു) ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർ നടപടികൾക്കും അംഗീകാരം നൽകി.

The secretary and convener Thiruvananthapuram govt. Medical College Hospital Development Society has proposed the following amendments in the Memorandum of Assosicatio n and Rules and Regulation of the Society.

**Amendment to the Memorandum of Association**

In the Memorandum of association of the Society, after sub clause 11 of clause IV, the following clauses shall be inserted,

"12. The objectives of the society shall be extended to all genreal public and benefit of the Society shall be open to all without any discrimination of caste, creed, colour, religion or gender.

13. If the society, intends to run any business/carry out any business acitivity the same shall satisfy the condition stipulated in Sec.11 (4) and proviso to section 80G (5) (i) of the income tax Act 1961.

14. The Society formed shall be irrevocable under any circumstances except of winding up/dissolution of the society.

15. The objectives/activities of the Soiciety shall be carried out only in India."

**Amendment to the Rules and Regulations**

1) In the Rules and Regulations of the society in clause VII Accounts and Audits:-

(i) In the first paragraph for the sentence "No portion thereof shall be paid or transfered directly by way of dividend or otherwise", the sentence "No portion thereof shall be paid or transferred directly by way of dividend/ profit/interest or otherwise" shall be substituted

(ii) For the second paragraph the following paragraphs shall be substituted.

"The funds of the Society shall be deposited and accounts of the Society shall be kept in accordance with the directions issued by Government in this regard.

Any fund/income of the society as per section 11 (2), (b) shall be deposited in the forms and modes of investing or depositing the money under Section 11 (5) read with section 3 (1) (d) of the income tax act 1961.

The Accounts of the Society shall be regularly maintained and every year the accounts shall be closed by 31 st March and the same shall be audited by qualified Chartered Acoountant (s) apponited by the general body of the society. However, the accounts of the Ist year shall be got audited by the Chartered Accountants appointed by the Executive Committee of the Society. No trustee shall be appointed as auditor.

2) In clause VIII Amendments, for the existing provision the following shall be substituted.

"Amendment to the rules and regulations of the Society shall be made by the General body by two-third majority of the members present and voting and convened for the purpose. Such amendments shall not extend to alter the basic characteristics and objectives of the society, or be repugnant to the provisions of section 2 (15),11,12,13 and 80 G of the Income tax Act. Amendments shall be made with the prior approval of the government of Kerala and Commissioner of Income tax having jurisdiction".

3) In clause IX DISSOLUTION, before sub -clause a the following shall be inserted:-

"In the event of dissolution or winding up of the society, the assets remaining as on the date of dissolution/winding up shall under no circumstances be distributed among the members of the Managing Committee/Members of the society but the same shall be transferred to the Thiruvananthapuram Government Medical/Dental College with the approval of the Jurisdictional Commissioner of Income Tax as given below."

20) വികസന സമിതിയുടെ പുതിയതായി വിഭാവനം ചെയ്യുന്ന പദ്ധതികൾ

<u>ജനറൽ സർജറി</u> - ലാപ്റോസ്കോപ്പി യൂണിറ്റ്, എൻഡോസ്കോപ്പി യൂണിറ്റ്

<u>ഓർത്തോപീഡിക്സ്</u>

<u>ന്യൂറോ സർജറി</u>

മേൽ വിഭാഗങ്ങൾക്ക് വികസന സമിതിയുടെ മേൽനോട്ടത്തിൽ ശസ്ത്രക്രിയകൾ മറ്റു ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ടി

വിഭാഗങ്ങളിലെ ഡോക്ടർമാർ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ശസ്ത്രക്രിയയ്ക്കായി നാളുകളുടെ കാത്തിരിപ്പ് ഒഴിവാക്കാൻ ഒരു പരിധിവരെ ഇത് കാരണം സാധ്യമാകും എന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. ഇതിനായുള്ള അടിസ്ഥാന സൗകര്യം, ഡോക്ടർമാർ, മറ്റ് ജീവനക്കാരുടെ സേവനം ലഭ്യമാക്കൽ എന്നിവയിൽ വിശദമായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വകുപ്പ് മേധാവികൾക്ക് കത്ത് നല്കുവാൻ യോഗത്തിൽ തീരുമാനിച്ചു.

21) 1)പേയിംഗ് കൗണ്ടറിലെ സേവനത്തിൽ നിന്നും അനധികൃതമായി വിട്ടുനിന്ന ശ്രീമതി. സരിത, ഫാർമസിസ്റ്റ് നെ പിരിച്ചുവിട്ട സെക്രട്ടറി, എച്ച്.ഡി.എസ്. ന്റെ നടപടി നടപടി അംഗീകരിച്ചു.

(2) ശ്രീമതി.സുധാകുമാരി, ഫാർമസിസ്റ്റിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയും ടിയാളെ തിരികെ സേവനത്തിൽ പ്രവേശിപ്പിച്ച സാഹചര്യവും വിലയിരുത്തി നടപടിയ്ക്ക് അംഗീകാരം നൽകി.

(3) കാരുണ്യ ഡയാലിസിസ് ഏറ്റെടുത്തത് സംബന്ധിച്ച് ഹൈക്കോടതി കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ തൽസ്ഥിതി തുടരുവാൻ തീരുമാനിച്ചു.

(4) മുൻ കാലങ്ങളിൽ നിയോഗിക്കപ്പെട്ട ചില തസ്തികകൾ നിർത്തലാക്കിയത് കാരണം (കമ്പ്യൂട്ടറൈസേഷന്റെ ഫലമായി) അത്തരം ജീവനക്കാരെ ഉപയോഗപ്പെടുത്തുവാനും അവരെ ആവശ്യമുള്ള മറ്റ് ജോലികൾക്ക് യോഗ്യതയും ജോലി സ്വഭാവവും പരിഗണിച്ച് നിയമിക്കുവാനും തീരുമാനിച്ചു.

(5) ജീവനക്കാർക്ക് ശമ്പള വർദ്ധനവ് അനുവദിക്കുന്നത് സംബന്ധിച്ച് അംഗങ്ങൾ ആരായുകയും ഇത് സംബന്ധിച്ച് സാമ്പത്തിക സ്ഥിതി വിലയിരുത്തി ശുപാർശകൾ നൽകുന്നതിന് സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എച്ച്.ഡി.എസ് ഫിനാൻസ്, എസ്റ്റാബ്ളിഷ്മെന്റ്, പർച്ചേസ് സബ് കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കുവാനും നിർദ്ദേശിച്ചു.

22) ആശുപത്രി വികസന സമിതിയുടെ നിലവിലെ നിയമാവലി അംഗങ്ങൾക്ക് നല്കുവാൻ തീരുമാനിച്ചു.

യോഗം 6.10 ന് അവസാനിച്ചു.

സെക്രട്ടറി
SECRETARY
Hospital Development Society
Medical College Hospital
Thi...

ചെയർമാൻ
CHAIRMAN
Hospital Development Society
Medical College Hospital
Thi...

## RULES AND REGULATIONS OF THE THIRUVANANTHAPURAM MEDICAL COLLEGIATE HOSPITAL DEVELOPMENT SOCIETY:

I. Definitions:

In these rules, unless the context otherwise requires

1. The "Society" means the Thiruvananthapuram Medical Collegiate Hospitals Development Society.
2. "Member" means member of the Society.
3. 'Year' means the financial year of the Society which shall commence on Ist April and end on 31st March.
4. 'Notice' means, notice given in writing to its members by post or otherwise as decided by the Executive Committee.
5. 'General Meeting' Means a meeting of the general body of the Society.
6. 'Government' means, the Government of Kerala.

II. Membership: The Society shall have two types of members – the official and the non-official..

A. Official Members:

1. District Collector
2. Director of Medical Education
3. Principal, Medical College, Trivandrum
4. Superintendent, Medical College Hospital, Trivandrum
5. Superintendent, S.A.T.Hospital
6. Superintendent, Ophthalmic Hospital, Trivandrum
7. Prof.& Head of Department of Dental College, Trivandrum
8. Director, Pharmacy College, Trivandrum
9. Director, Priyadarsini Institute
10. Heads of Departments – 4 members by rotation from Surgery/ Medicine/Cardiology/Orthopaedic Departments/Obste & Gynae Paediatric/Paediatric Surgery/One non clinical head/all other Head of Dept. in M.C.H.
11. District Medical Officer (H)
12. Local Executive Engineer (Spl.Buildings Division,Trivandrum)
13. Local Executive Engineer (Kerala Water Authority)
14. Local Executive Engineer (K.S.E.B)
15. Nursing Superintendent of Medical Coll[illegible]
16. Nursing Superintend[illegible]

B. Non-Official Members:

1. Mayor of the Corporation or Chairman of the Municipality in which the Medical College Hospital is situated.
2. Local M.L.A and M.P.
3. One representative of each political parties having representation in the Assembly.
4. Three representatives of Rotary/Lions Club or similar other reputed organisation on rotation.
5. Two representatives from among the Public, nominated by Govt.
6. One Journalist.

a) Nominations shall be made by Government or by the authority empowered by the Government. Nominations made against vacancies arising in the middle of the terms should be limited to the period by which the term of the other nominated members of the Committee expires.

b) If a nominated member absents himself/herself for three consecutive meetings, the member shall be liable to be removed from the Committee. The Committee may recommend the restoration of membership of a member so removed on application by the individual concerned, if the Committee is satisfied that there were sufficient reasons for the absence. The Chairman may restore the membership on such recommendations of the Committee.

c) In the case of an official member, when he himself is unable to attend the meeting due to other pre-occupation he may depute one of his subordinate to represent him at the meeting.

d) District Collector may depute one of the Deputy Collectors to represent him at the meeting when he himself is unable to attend the meeting. He shall do so only when such nomination becomes inevitable.

e) If a Member of Legislative Assembly nominated as a non-official member of the Committee absents himself/herself from the meetings for more than 3 times due to other inevitable pre-occupations, it should not be taken as sufficient reason for his/her removal from the Committee on the ground that he/she has absented himself/herself for more than 3 consecutive meeting.

The General body shall consist of all the members of the Society.

Duties & functions of General Body

Among all other business annual report, annual budget accounts, audit reports should be presented and passed in the General body. Considering the appointments of auditors and all other important matter related to the Society.

IV. EXECUTIVE COMMITTEE:

The Executive Committee of the Society shall consist of the following members namely:

1. District Collector, Thiruvananthapuram.
2. The Principal, Medical College, Thiruvananthapuram.
3. The Director of Medical Education, Thiruvananthapuram.
4. The Superintendent, Medical College Hospital, Thiruvananthapuram.
5. The Superintendents of affiliated Hospitals; ie. S.A.T.Hospital, Ophthalmic Hospital and Dental College, Thiruvananthapuram.
6. The District Medical Officer for Health, Trivandrum
7. Local Executive Engineer, Public Works Department (Buildings)
8. Local Executive Engineer, K.S.E.Board.
9. Local Executive Engineer, Water Authority.
10. Local MLA
11. Local MP
12. One representative of each Political Party having representation in the Assembly.
13. One member from head of Departments of Medical College Hospital by rotation.
14. One member elected from the Voluntary organisation.

The General management of the affairs of the Society shall be vested with the Executive Committee. The Committee shall have the powers to frame and bye-laws, to examine accounts, to pass bills and to manage the general affairs of the Society. The Executive Committee shall have further powers namely,

THE SUPERINTENDENT

a) To purchase, take on lease or in exchange, hire or otherwise acquire any immovable or movable property for any purpose for which the Society is established.

b) To invest and deal with money of the Society upon any securities, equipments, instruments, installations and buildings in such a manner as may be determined from time to time.

c) To raise funds in such a manner as the Executive Committee shall think fit and in particular by levy of fees and charges and by issue of coupons, donation tickets, collecting contributions, Charity fund collections, contributions from visitors; conducting fund raising projects, etc.

d) To construct, maintain, alter and acquire any buildings landed property deemed necessary for the purpose of the Society subject to approval of the Government.

e) To enter into contract with any person or organisation for construction, maintenance, modification and installation of equipments, machinery and buildings to meet the objects of the Society in accordance with guidelines prescribed by Government from time to time.

f) To appoint necessary staff with the prior sanction of the Government.

g) To meet the expenditure necessary for fulfilling the objectives of the Society.

V. <u>POWERS, FUNCTIONS AND DUTIES OF CHAIRMAN, VICE CHAIRMAN AND SECRETARY CUM TREASURER:</u>

<u>CHAIRMAN:</u> The Chairman of the Society shall be the District Collector, Thiruvananthapuram. He/She shall have all the powers of general supervision, visualisation, planning and execution of the affairs of the Society. He/She shall preside over all the meetings of Executive Committee and General Body.

<u>VICE CHAIRMAN:</u> The Vice-Chairman [illegible] the Principal [illegible]

OFFICE OF THE SUPERINTENDENT ... COLLEGE

SECRETARY-CUM-TREASURER

The Secretary-cum-Treasurer of the Society shall be the Superintendent of the Medical College Hospital/affiliated hospital, Trivandrum. He shall be the Chief Executive. The staff of the Society shall be under the supervision and control of the Secretary. He shall be responsible for the proper Administration of the affairs of the Society and execute all decisions of the Executive Committee and General Body. He shall maintain Books of accounts and all other records of the Society. He shall operate bank accounts on behalf of the Society and exercise such other powers as are delegated to him by the Executive Committee.

JOINT SECRETARY TO THE SOCIETY

The Superintendent of S.A.T.Hospital may be the Joint Secretary. When the Secretary is on leave or out of station for more than three days, all duties and powers of the Secretary shall be vested on the Joint Secretary.

VI. MEETINGS OF THE EXECUTIVE COMMITTEE AND THE GENERAL BODY

a) The Committee shall meet at least once in Three months. The proceedings/recommendations of the Committee relating to the Medical College Hospitals shall be forwarded to the Secretary to Government, Health Department for information.

The meetings of the Committee shall be convened by the Secretary-Cum-Treasurer and be called by notices issued under his hand. Notice to the members shall be given for the same at least 7 days prior to the meeting. However, with the prior consent of the Chairman, meeting may be convened by a notice of less than seven days.

b) One fourth of the members shall from the quorum for meetings of the Committee and the General body subject to the condition that at least one of the members present should be a non-official member. The Chairman/Vice Chairman shall normally preside over the meetings of the Committee. In the absence of the Chairman and the Vice Chairman, the members present shall elect a Chairman for the particular meeting.

c) GENERAL MEETING

The Executive Committee of the Society shall convene the first general meeting of the Society within six months from the date of its registration and thereafter once at least in every six months of a year and not more than 6 months after the holding of the last preceding meeting. Notice to members shall be given for the same at least 14 days prior to the date of the meeting

SUPERINTENDENT

d) MINUTES

The minutes of the proceedings of the Executive Committee and General Meetings shall be approved by the Chairman of the respective meetings and shall be recorded in a minutes book. The same shall be placed before the next meeting of the Executive Committee/General body for its confirmation and approval and it shall be signed by the Chairman of the meeting.

VII. ACCOUNTS AND AUDIT:

The income and prpperty of the Society shall be applied solely for the promotion of the objects of the Society as set forth in the Memorandum of Association. No portion thereof shall be paid or transferred directly by way of dividend or otherwise. However nothing herein shall prevent payment of remuneration to the officers or servants of the Society or to other persons in return for any services rendered to the Society.

The funds of the Society shall be deposited and accounts of the Society shall be kept in accordance with the directions issued by Government in this regard. The accounts of the Society shall be got audited by the Chartered Accountants appointed by the general body of the Society. However the accounts for the first year shall be got audited by the Chartered Accountants appointed by the Executive Committee of the Society.

VIII. AMENDMENTS:

Amendments to the Rules and Regulations of the Society may be made with the prior approval of the Government of Kerala and the Commissioner of Income Tax, Kerala, by the General Body of with a two third majority of the members present.

IX. DISSOLUTION:

a) Upon dissolution, all machinery, equipments, instruments and such other ancilliary items purchased for investigation and treatment of patients and the buildings and installations etc. purchased or constructed for the Society using the funds of the Society shall remain the property of the hospitals concerned for which those are purchased or constructed.

Contd..

9



b) In the event of the dissolution of the Society, if there remains after satisfaction of all its dues, debts, and liabilities, any property or assets whatsoever, the same shall not be paid or distributed among the members of the Society, but shall be given or transferred to the Medical College, Thiruvananthapuram.

c) The service of the staff employed by the Society shall upon its dissolution, will stand terminated from service with effect from the date of dissolution.

X. POWER OF GOVERNMENT TO ISSUE DIRECTIONS:

Notwithstanding anything contained in these Rules and Regulations, the Government shall have the power to issue directions to the Society in the conduct of any of its affairs and the Committee shall be bound to comply with such directions.

******

Secretary HDS & Supdt MCH

Arnna Sivaler? District Collector & Chairperson

True copy
Attested

OFFICE OF THE SUPERINTENDENT MEDICAL COLLEGE HOSPITAL Thiruvananthapuram